# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3070      20.12.2012 ൽ - മറുപടിക്ക്

## റേഷൻ കാർഡുകൾക്കുള്ള അപേക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ജോസഫ് വാഴക്കൻ<br>,, വർക്കല കഹാർ<br>,, അൻവർ സാദത്ത്<br>,, ആർ. സെൽവരാജ് | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം റേഷകാർഡ് നൽകുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) | വ്യക്തമായ രേഖകളുമായി പുതിയ റേഷൻ കാർഡിന് അപേക്ഷിക്കുന്ന ദിവസം തന്നെ റേഷൻകാർഡ് നൽകുന്ന പദ്ധതി ഏർപ്പെടുത്തി. ഓൺലൈൻ സൗകര്യം ഉപയോഗിച്ച് റേഷൻകാർഡിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടികളും, അക്ഷയ കേന്ദ്രങ്ങൾ വഴി റേഷൻകാർഡിനുള്ള അപേക്ഷ സ്വീകരിക്കുന്ന നടപടിയും ആരംഭിച്ചു. |
| (ബി) | റേഷൻ കാർഡുകൾക്കുള്ള എത്ര അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ റേഷൻ കാർഡുകൾക്കുള്ള 5,25,317 അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. |
| (സി) | റേഷൻ കാർഡ് വിതരണത്തിനായി എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളത് ? | (സി) | എല്ലാ താലൂക്ക് സപ്ലൈ / സിറ്റി റേഷനിംഗ് ഓഫീസുകളിലും മതിയായ രേഖകളുമായി അപേക്ഷിക്കുന്നവർക്ക് യഥാസമയം റേഷൻ കാർഡ് നൽകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ